(സി) കേരള കോ-ഓപ്പറേറ്റീവ് സർവീസ് റൂൾസിന് വിരുദ്ധമായി രജിസ്ട്രാർ ആഫീസിൽ നിയമനം നടത്തിയതായി ആക്ഷേപം ഉണ്ടായിട്ടുണ്ടോ;

(ഡി) കോ-ഓപ്പറേറ്റീവ് സർവീസ് എക്സാമിനേഷൻ ബോർഡിന്റെ ഘടനയിലോ ഇത് സംബന്ധിച്ച റൂൾസിലോ സർക്കാർ എന്തെങ്കിലും ഭേദഗതി വരുത്താനുദ്ദേശിക്കുന്നുണ്ടോ; എങ്കിലത് സംബന്ധിച്ച് വിശദമാക്കാമോ;

(ഇ) സഹകരണസംഘങ്ങളെ സംബന്ധിച്ച നിയമന വ്യവസ്ഥകൾ സഹകരണ വകുപ്പിലെ നിയമനങ്ങൾക്ക് ബാധകമാണോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) ഉണ്ട്. ബോർഡിലെ മെമ്പർ സെക്രട്ടറിയായി സഹകരണസംഘം ജോയിന്റ് രജിസ്ട്രാറുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനായിരിക്കും എന്ന വ്യവസ്ഥ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നു. ബോർഡിന്റെ സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ് ആയി ഡെപ്യൂട്ടി രജിസ്ട്രാറുടെ റാങ്കിൽ കുറയാത്ത ഒരുദ്യോഗസ്ഥനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാനും ഉദ്ദേശിക്കുന്നു. ഇത് സംബന്ധിച്ച കരട് വിജ്ഞാപനം 23-4-2003-ലെ 11132/ജി 1/02/സഹ. നമ്പരായി പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) അല്ല.

കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിലെ നിയമനവുമായി ബന്ധപ്പെട്ട അഴിമതി

88 [2740] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിലേക്കുള്ള ഉദ്യോഗസ്ഥ നിയമനവുമായി ബന്ധപ്പെട്ട അഴിമതിക്കേസ്സിന്റെ അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഇതിലെ പ്രതികൾ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) മേൽ പ്രതികളുടെ ലിസ്റ്റിൽപ്പെട്ട ആരെങ്കിലും ഭരണസമിതിയിൽ ഡയറക്ടർമാരായി നിലവിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അറിയിക്കാം. കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിലെ ഉദ്യോഗസ്ഥ നിയമനവുമായി ബന്ധപ്പെട്ട കേസ് കോഴിക്കോട് സ്പെഷ്യൽ ബ്രാഞ്ച് സി. ഐ. ഡി.-യിലെ ഡിവൈ. എസ്. പി. അന്വേഷിക്കുകയും 9-10-2001-ലെ കേസ് ഡയറി പ്രകാരം കാസർഗോഡ് സൂപ്രണ്ട് ഓഫ് പോലീസ് പുതുതായി അന്വേഷിക്കേണ്ടതായി നിർദ്ദേശിച്ചതായും അന്വേഷണത്തിൽ അറിഞ്ഞതായി ജോയിന്റ് രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഉണ്ട്.

(ഡി) 1. ശ്രീ. ബാലകൃഷ്ണപേർകുഡ്ലു.
2. ശ്രീ. രാമൻ പി. സി.
3. അഡ്വ. ടി. കൃഷ്ണൻ.
4. വി. കെ. രവീന്ദ്രൻ.

സഹകരണ സംഘങ്ങളിൽ നടന്ന അഴിമതി അന്വേഷണം

89 [2741] ശ്രീ. ഇ. എം. അഗസ്തി:
ശ്രീമതി മേഴ്സി രവി:
ശ്രീ. ലൂഡി ലൂയിസ്:
,, എ. പി. അനിൽകുമാർ:
,, എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് സഹകരണസംഘങ്ങളിൽ നടന്ന അഴിമതികളെ കുറിച്ച് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പരാതി പ്രകാരം എത്രയെണ്ണത്തിന്റെ അന്വേഷണം നടത്തിയിട്ടുണ്ട്; അന്വേഷണഫലം എന്തായിരുന്നുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 297 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) 193 പരാതികളിൻമേൽ അന്വേഷണം നടത്തിയിട്ടുണ്ട്. 137 പരാതികൾ ശരിയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. 56 പരാതികൾ അടിസ്ഥാനരഹിതമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly